നമ്പർ.ഇ 1/121/2022-റ്റിസി

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,

രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തൈക്കാട് പി.ഒ തിരുവനന്തപുരം - 14,

[☎0471-2333337/2333317 ഫാക്സ് 0471-2333314]

www.mvd.kerala.gov.in [ഇ-മെയിൽ - tcoffice.mvd@kerala.gov.in ]

തീയ്യതി,07/07/2022

OFFICE OF THE DIRECTOR OF TECHNICAL EDUCATION
13 JUL 2022
THIRUVANANTHAPURAM

പ്രേഷകൻ,
ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ് ,
1 ഡയറക്ടർ, ഹയർ സെക്കന്ററി എഡ്യൂക്കേഷൻ, തിരുവനന്തപുരം
2 ഡയറക്ടർ, ടെക്നിക്കൽ എഡ്യൂക്കേഷൻ, തിരുവനന്തപുരം
3 ഡയറക്ടർ, മെഡിക്കൽ എഡ്യൂക്കേഷൻ, തിരുവനന്തപുരം
4 ഡയറക്ടർ, ഹയർ എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റ്, തിരുവനന്തപുരം

സർ,

വിഷയം : *മോട്ടോർ വാഹന വകുപ്പ്* - കോളേജ് വിദ്യാർത്ഥികൾ വിനോദയാത്രയ്ക്കായി അനധികൃതമായി രൂപമാറ്റം വരുത്തിയ വാഹനങ്ങൾ ഉപയോഗിക്കുന്നത് തടയുന്നത് - സംബന്ധിച്ച്.

സൂചന : ബഹു. കേരള ഹൈക്കോടതിയുടെ കേസ് നമ്പർ. SSCR 20/2021- 04.07.2022 തീയതിയിലെ ഉത്തരവ്.

സംസ്ഥാനത്ത് വിവിധ കോളേജുകളിലും മറ്റും പഠിക്കുന്ന വിദ്യാർത്ഥികൾ വിനോദയാത്രയ്ക്കായി സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ള കോൺട്രാക്റ്റ് കാര്യേജ് വാഹനങ്ങളാണ് ബുക്ക് ചെയ്ത് ഉപയോഗിച്ചുവരുന്നത്. എന്നാൽ ചില സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾ അനധികൃതമായി രൂപമാറ്റം വരുത്തിയതും ആഡംബര ലൈറ്റുകൾ ഘടിപ്പിച്ചതും അരോചകമായ ശബ്ദം പുറപ്പെടുവിക്കുന്ന 'Audio System' ഘടിപ്പിച്ചതുമായ കോൺട്രാക്റ്റ് കാര്യേജ് വാഹനങ്ങൾ വിനോദയാത്രയ്ക്കായി തെരഞ്ഞെടുത്ത് ഉപയോഗിച്ചു വരുന്നുണ്ട്. പലപ്പോഴും ഇത്തരം വാഹനങ്ങൾ അപകടത്തിലും പെടുന്നുണ്ട്. ഇത്തരം വാഹനങ്ങൾക്കെതിരെ മോട്ടോർ വാഹന വകുപ്പ് ശക്തമായ നടപടികൾ സ്വീകരിച്ചുവരുകയാണ്. മാത്രമല്ല ഇത്തരം വാഹനങ്ങൾ പിടിച്ചെടുക്കുന്നതിനും തുടർ നടപടികൾ സ്വീകരിക്കുന്നതിനും ബഹു.ഹൈക്കോടതിയുടെ SSCR No.20/2021 എന്ന കേസിലും നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിനാൽ താങ്കളുടെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾ വിനോദയാത്രയ്ക്കായി നിയമാനുസൃതം സർവീസ് നടത്തുന്നതും അനാവശ്യ രൂപമാറ്റം വരുത്താത്തതുമായ കോൺട്രാക്റ്റ് കാര്യേജുകൾ മാത്രമെ ഉപയോഗിക്കുന്നുവെന്ന് ഉറപ്പുവരുത്താനും വിനോദ യാത്രയ്ക്ക് രക്ഷാകർത്താക്കളുടെ അറിവോ സമ്മതമോ അനിവാര്യമാണെന്ന് ഉറപ്പുവരുത്തുവാനും ബന്ധപ്പെട്ട സ്ഥാപന മേധാവികൾക്ക് നിർദ്ദേശം നൽകണമെന്ന് അറിയിക്കുന്നു.

മാത്രമല്ല, വിനോദ യാത്ര ആരംഭിക്കുന്നതിന് മുൻപ് ബന്ധപ്പെട്ട റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ / ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരെ അറിയിക്കുന്നതും ഉചിതമായിരിക്കും എന്ന് അറിയിക്കുന്നു.

Digitally signed by PRAMOJ SANKER P S
Date:Thu Jul 07 19:49:50 IST 2022
Reason: Approved

Pramoj Sanker P S

Additional Transport Commissioner

പകർപ്പ് :- എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ / ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ / എൻഫോഴ്സ്മെൻ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരുടേയും അറിവിലേക്കായി.

Endorsement No. ACB1/21564/22/DTE dtd 12/7/2022

Copy communicated to all the Head of the institutions under DTE for information and necessary action

Dr. Ciza Thomas
Senior Joint Director (ECS)